(സി) ടോറസ് കമ്പനിക്ക് പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും പദ്ധതികൾക്ക് ആവശ്യമായ ഭൂമി, വൈദ്യുതി, ജലം, റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ടെക്നോപാർക്ക് ലഭ്യമാക്കും. ടോറസ് നൽകിയ ഡെവലപ്മെന്റ് പ്ലാൻ അനുസരിച്ച് ഏകദേശം 6 വർഷംകൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി ഏകദേശം 1200 കോടി രൂപ നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ ഇതിനോടൊപ്പം അടക്കം ചെയ്തിട്ടുള്ള അനുബന്ധം ബി-യിൽ ലഭ്യമാണ്.*

ടെക്നോപാർക്കിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ലാഭ നഷ്ട വിവരം

271 (638) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോപാർക്കിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഇക്കഴിഞ്ഞ 10 വർഷ കാലയളവിൽ ലഭ്യമാക്കിയിട്ടുള്ള ലാഭ നഷ്ട വിവരം കമ്പനി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളാണ് പ്രസ്തുത കമ്പനികൾ നടത്തുന്നതെന്നും ; എത്ര തൊഴിലാളികൾ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ സേവന വേതനങ്ങൾക്കായി എത്ര തുക ചെലവിടുന്നു മെന്നുമുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) എന്ന കമ്പനി മാത്രമാണ് പ്രവർത്തിക്കുന്നത്. കമ്പനി രൂപീകരിച്ചത് മുതലുള്ള ലാഭ-നഷ്ട വിവരം താഴെ പറയുന്നു.

ക്രമ നമ്പർ	വർഷം	ലാഭം (രൂപ)	നഷ്ടം (രൂപ)
1	2008-09	238791.00	...
2	2009-10	7905901.00	...
3	2010-11	...	3916306.00

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4	2011-12	...	7174312.00
5	2012-13	...	13997394.00
6	2013-14	...	14765214.00
7	2014-15	22976.00	...

(ബി) സംസ്ഥാനത്തെ ഐ.ടി. വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ (KSITIL) നടത്തുന്നത്. മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ നിലവിൽ 11 ജീവനക്കാർ ജോലി ചെയ്യുന്നു. അവരുടെ സേവന വേതനങ്ങൾക്കായി ചെലവിട്ട തുക വാർഷികാടിസ്ഥാനത്തിൽ താഴെ പറയുന്നു.

വർഷം	തുക
2008-09	28,26,167.00
2009-10	43,46,959.00
2010-11	10,35,549.00
2011-12	26,98,735.00
2012-13	50,49,855.00
2013-14	46,58,281.00
2014-15	61,49,819.00

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ

272(639) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-മാർച്ച് 31-വരെയുള്ള കണക്ക് പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്രപേർ ഉണ്ടെന്നുള്ള വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly